പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2741 28-10-2026-ൽ മറുപടിയ്ക്ക്

ജലജീവൻ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജി ചെറിയാൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ടി. എം. ശശി

ശ്രീ. ജി. സ്റ്റീഫൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജലജീവൻ മിഷൻ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തുടനീളം വെട്ടിപ്പൊളിച്ച ഗ്രാമീണ റോഡുകൾ, പൈപ്പിടൽ പൂർത്തിയായിട്ടും പൂർവ്വസ്ഥിതിയിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകളോ കരാറുകാരോ തയ്യാറാകാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്

(ബി) റോഡ് പുനർനിർമ്മാണത്തിന് ആവശ്യമായ തുക വാട്ടർ അതോറിറ്റി ബന്ധപ്പെട്ട വകുപ്പുകൾക്ക് യഥാസമയം കൈമാറാത്തതും, വാട്ടർ അതോറിറ്റി, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നിവ തമ്മിലുള്ള ഏകോപനമില്ലായ്മയും ഈ പ്രതിസന്ധി രൂക്ഷമാക്കിയിട്ടുണ്ടെന്ന കാര്യം പരിശോധിക്കുമോ;

മറുപടി: ജലജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി PWD/തദ്ദേശ സ്ഥാപനങ്ങളുടെ റോഡുകൾ മുറിക്കുന്നതിനും ഉയർന്ന മുൻഗണനാ പ്രവൃത്തികൾക്ക് PWD/NHAI-യുടെ റോഡ് പുനഃസ്ഥാപന അനുമതി ആവശ്യമാണ്.

റോഡ് പുനഃസ്ഥാപനത്തിനായി PWD-യ്ക്ക് മുൻകൂർ തുക നൽകുന്നതിനാൽ, KWA പൈപ്പ് സ്ഥാപിക്കൽ പൂർത്തിയാക്കി PWD പുനഃസ്ഥാപന പ്രവൃത്തി നിർവഹിച്ച് ബില്ലുകൾ തയ്യാറാക്കുന്നതുവരെ സംസ്ഥാന വിഹിതം PWD-യിൽ നിലനിൽക്കുന്നു.

സംസ്ഥാനതലത്തിൽ സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തുകയും ഏകോപന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ലഭ്യമാക്കുന്നതിനായി ബന്ധപെട്ട വകുപ്പുകളുമായി ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

1. KWA കരാറുകളിൽ ഉൾപ്പെട്ട PWD റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുനഃസ്ഥാപന തുക അടച്ച് റോഡ് കുഴിക്കാൻ അനുമതി ലഭിച്ച സ്ഥലങ്ങളിൽ പുനഃസ്ഥാപനം നടത്തുന്നത് PWD ആണ്. പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനും സർക്കാർ, ഉദ്യോഗസ്ഥ തല യോഗങ്ങളിലൂടെ ഏകോപനം നടത്തിവരുന്നു.

2. ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ താൽക്കാലിക പുനഃസ്ഥാപനത്തിനുള്ള തുക മാത്രമാണ് അനുവദിച്ചിരുന്നത്. ഇതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിച്ചിട്ടുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകയും അനുവദിച്ചിട്ടുണ്ട്. തുടർന്ന്, ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലെ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ₹1,351.20 കോടി രൂപയുടെ അധിക അംഗീകാരവും ലഭിച്ചിട്ടുണ്ട്.

   റോഡ് പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട നടപടികൾ വിശദീകരിച്ച് കേരള വാട്ടർ അതോറിറ്റി 08.01.2024-ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഗ്രാമപഞ്ചായത്തുകളുമായി ഏകോപനം നടത്തി റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആഭ്യന്തര വികസന ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, CFC ഗ്രാന്റ് എന്നിവ മുൻകൂറായി വിനിയോഗിച്ച് അടിയന്തര റോഡ് പുനഃസ്ഥാപനം നടത്തുന്നതിന് അനുമതി നൽകി 26.01.2026-ന് LSGD യും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾക്കും ഫണ്ടില്ലായ്മയും പുറമെ, സർക്കാരിൽ നിന്നുള്ള കുടിശ്ശികകൾ വർദ്ധിച്ചതു കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തത് പദ്ധതികളെ സ്തംഭനാവസ്ഥയിൽ എത്തിച്ചിട്ടുണ്ടെന്ന് ഉയരുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ വ്യക്തമാക്കാമോ;

<u>മറുപടി:</u> പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വിവിധ ഏജൻസികൾ തമ്മിലുള്ള ഏകോപനം നടത്തിയും പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാന തലത്തിൽ മിഷൻ ഡയറക്ടർക്കു പുറമേ സംസ്ഥാന തലത്തിൽ ഉന്നതാധികാര സമിതിയായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന മിഷൻ രൂപീകരിച്ച്

പ്രവർത്തിക്കുന്നുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ ജല ശുചിത്വ മിഷൻ, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷനായി ഗ്രാമ പഞ്ചായത്ത് ജല ശുചിത്വ കമ്മിറ്റികളും പ്രവർത്തികളുടെ മേൽ നോട്ടത്തിനായി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും പ്രവർത്തികളുടെ നിരന്തര വിലയിരുത്തലുകളിലൂടെയും പദ്ധതി തടസ്സങ്ങൾ നീക്കി ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സംസ്ഥാന വിഹിതം സമാഹരിക്കുന്നതിനായി നബാർഡിൽ നിന്നും ലഭ്യമാക്കിയ വായ്പ തുക പൂർണമായും വിനിയോഗിച്ചിട്ടുള്ളതിനാൽ, വായ്പാ കുടിശ്ശിക മൂലമുള്ള സ്തംഭനാവസ്ഥ നിലവിലില്ല

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി നടപ്പിലാക്കിയ സി.എം.എൽ.എൽ.ആർ.പി. പദ്ധതിയുടെ മാതൃകയിൽ, നിലവിൽ തകർന്നുകിടക്കുന്ന ഗ്രാമീണ റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി പ്രത്യേക ഫണ്ട് വകയിരുത്തി ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്കായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>മറുപടി:</u> ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഗ്രാമപഞ്ചായത്തുകളുമായി ഏകോപനം നടത്തി മുറിച്ച റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ആഭ്യന്തര വികസന ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, CFC ഗ്രാന്റ് എന്നിവ മുൻകൂറായി വിനിയോഗിച്ച് അടിയന്തര റോഡ് പുനഃസ്ഥാപനം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി LSGD 26.01.2026-ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ